# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-11/1064/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-11/1064/2021 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-11-2021 | 20-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-11-2021 | 20-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീദേവി. പി, ഓഡിറ്റ് ഓഫീസർ
രാജീവ്.ആർ, സീ.ഗ്രേ.ഓഡിറ്റർ
രഞ്ജുപ്രകാശ്, സീ.ഗ്രേ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇന്ദിര തിലകൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| പി.പി. സംഗീത. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| വി.വി. പ്രസാദ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജശ്രീ. ജെ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജിഷമോൾ | കൃഷി ഓഫീസർ | 01-04-2020 | 05-05-2020 |
| അക്ഷയ് ശശിധരൻ | കൃഷി ഓഫീസർ | 06-05-2020 | 31-03-2021 |
| ഡോ.അർച്ചന | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| വിദ്യ എം.പൈ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രചന | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| വേണു പി.ജി | ഹെഡ് മാസ്റ്റർ, എസി.സി.എം.വി.ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| സൂര്യ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 30-06-2020 |
| അനുരാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-07-2020 | 31-03-2021 |
| സൗമ്യ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 29-10-2020 |
| സുനിത | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-10-2020 | 31-03-2021 |
| റാൻസി പീറ്റർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 20-12-2020 |
| ധന്യ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-12-2020 | 31-03-2021 |
| അനീഷ്. കെ.പി | വി.ഇ.ഒ, ചെട്ടികാട് | 01-04-2020 | 14-09-2020 |
| മേരി ഫെർണാണ്ടസ് | വി.ഇ.ഒ,ചെട്ടികാട് | 15-09-2020 | 31-03-2021 |
| പ്രവീൺ,കെ. കൃഷ്ണൻ | വി.ഇ.ഒ, കാട്ടൂർ | 01-04-2020 | 31-03-2021 |
| വിഭ്യ | വി.ഇ.ഒ, വളവനാട് | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം ACR പ്രകാരം<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-5 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev.R (Senior Grade Auditor, On 19-11-2021) | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-9 |
| 10 | ഓഡിറ്റ് ഇംപാക്ട്<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-10 |
| 11 | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി നിർവഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ<br>Written By: P. Sreedevi (Audit Officer, On 25-02-2022)<br>Last Updated By: P. Sreedevi (Audit Officer, On 25-02-2022) | 1-11 |
| 12 | വസ്തു നികുതി അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 11-02-2022) | 1-12 |
| 13 | അനർഹരായവർക്ക് ധനസഹായം നൽകി<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-13 |
| 14 | ലൈഫ് പദ്ധതി- മുൻകൂർ കൈപ്പറ്റിയിട്ടും വീട്ട പണി പൂർത്തിയാക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-14 |
| 15 | ജൈവ വളം വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-15 |
| 16 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഇല്ല<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-16 |
| 17 | കേന്ദ്ര ഫണ്ട് ഉപയോഗപ്പെടുത്തുന്നില്ല | 1-17 |

| | | |
|---|---|---|
| | Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | |
| 18 | പൊതുടാപ്പുകളുടെ വെള്ളക്കരം -വാട്ടർഅതോറിട്ടിയുമായി സംയുക്തപരിശോധന നടത്തുന്നില്ല<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-18 |
| 19 | ഉപയോഗശൂന്യമായ കുറ്റിമുല്ലചെടികൾക്ക് പകരം ചെടികൾ വിതരണം ചെയ്തില്ല<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-19 |
| 20 | പച്ചക്കറി വിത്തുകൾ വാങ്ങിയതിൽ അപാകതകൾ<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 11-02-2022) | 1-20 |
| 21 | ഗുണ നിലവാരം ഉറപ്പാക്കാതെ ന്യൂട്രിമിക്സ് വിതരണം ചെയ്തു<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: P. Sreedevi (Audit Officer, On 25-02-2022) | 1-21 |
| 22 | ഇ-ടെണ്ടർ ഫീസ്<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: P. Sreedevi (Audit Officer, On 25-02-2022) | 1-22 |
| 23 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-23 |
| 24 | ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് അധികച്ചെലവിനിടയാക്കുന്നു<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-24 |
| 25 | SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-25 |
| 26 | സുഭിക്ഷ കേരളം - പടുത കുളത്തിൽ മത്സ്യ കൃഷി<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-26 |
| 27 | സുഭിക്ഷ കേരളം -ബയോഫ്ളോക്ക് മത്സ്യ കൃഷി<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-27 |
| 28 | സുഭിക്ഷകേരളം- മുട്ടക്കോഴി വിതരണം--രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 21-02-2022) | 1-28 |
| 29 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Renju Prakash (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-29 |
| 30 | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ- പ്രവൃത്തി പൂർത്തീകരിച്ച രേഖകൾ ഹാജരാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 11-02-2022) | 1-30 |
| 31 | വിതരണ രേഖകളിലെ അപാകതകൾ<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 1-31 |
| 32 | സ്രോതസിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-32 |

| | | |
|---|---|---|
| 33 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-33 |
| 34 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-34 |
| 35 | പഞ്ചായത്ത് തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ വിവരങ്ങൾ<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2020-21<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 11-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി 20-21<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 10-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev.R (Senior Grade Auditor, On 19-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 25-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajeev.R (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 11-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 1.1 തീയതി 02.03.2020

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള വരവ് | 314802868 |
| ബജറ്റ് പ്രകാരമുള്ള ചെലവ് | 304357109 |

പുതുക്കിയ ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 3(1) തീയതി 30.01.2021

| | | | |
|---|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് | 322334868 | വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് | 347734908 |
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള ചെലവ് | 314548179 | വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ ചെലവ് | 355395602 |

## 1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ട്.

1-2-1. 2020-21 ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. ജോയിന്റ് വെൻച്വർ - ട്രഷറിയിലുള്ള അക്കൗണ്ടിലെ തുക 8,87,026, ബി-4 ഷെഡ്യൂളിലെ തുകയുമായി -946745 (473703+105542+367500) പൊരുത്തപ്പെടുന്നില്ല. തനത് ഫണ്ടിലുള്ള ജോയിന്റ് വെൻച്വർ തുകകൾ ട്രഷറിയിലുള്ള ജോയിന്റ് വെൻച്വർ അക്കൌണ്ടിലേക്ക് മാറ്റേണ്ടതാണ്.

2. ബി-4 ഷെഡ്യൂളിലെ താഴെപ്പറയുന്ന തുകകൾ വളരെ കാലമായി ലയബിലിറ്റിയായി അവശേഷിക്കുന്നു. ഇതിൽ നിന്നും നൽകാനുള്ള തുകകൾ നൽകിയതിനു ശേഷം ബാക്കി തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

| ക്രമ നം. | കോഡ് ഹെഡ് | തുക | റിമാർക്സ് |
|---|---|---|---|
| 1 | 320100116 | 12000 | എസ്.എസ്.എ |
| 2 | 320200213 | 366701 | |
| 3 | 320200311 | 32781 | |

| | | | |
|---|---|---|---|
| 4 | 320300199 | 4389293 | |
| 5 | 320800101 | 568409 | ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ഇനിയും പേമെന്റുകൾ നൽകാനുണ്ടെങ്കിൽ അതിനു ശേഷം അവശേഷിക്കുന്ന തുക പഞ്ചായത്തു ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്. |
| 6 | 350200301 | 811213 | |

3.സ്ഥിരനിക്ഷേപം- 64,50,488/-രൂപ. ഇതിന്റെ ഒറിജിനൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു പോയെന്ന് മറുപടി തന്നിട്ടുണ്ട്. ആയതിനാൽ ഇതിന്റെ കൃത്യത ബോധ്യപ്പെടാനായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 40570616 |
| വരവ് | 143770360 |
| ആകെ | 184340976 |
| ചെലവ് | 151431054 |
| നീക്കിയിരിപ്പ് | 32909922 |

## 1-4 ഗ്രാന്റ് വിനിയോഗം ACR പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 36739561 | 36739561 | 36581468 | 158093 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4285412 | 4285412 | 3760100 | 525312 |
| വികസന ഫണ്ട് (റ്റി.എസ്.പി | 0 | 484000 | 484000 | 434000 | 50000 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 670000 | 670000 | 670000 | 0 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 7769613 | 7769613 | 7749884 | 19729 |
| 13-ാം ധനകാര്യ കമ്മീഷൻ | 0 | 12830000 | 12830000 | 7714377 | 5115623 |

| | | | | | |
|---|---|---|---|---|---|
| അവാർഡ് (ടൈഡ്) | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ്) | | 28207647 | 28207647 | 16183885 | 12023762 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 207 | 178044523 | 102 | 106906969 | 45 | 60 | 49% |

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 213120 | 1576 |
| കർഷകതൊഴിലാളി പെൻഷൻ | 4507300 | 321 |
| വിധവാ പെൻഷൻ | 21274500 | 1630 |
| വാർദ്ധക്യകാല പെൻഷൻ | 55219800 | 5461 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 10789500 | 765 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 3670300 | 262 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 720000 | 24 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 865449 | 1765120 | 2630569 | 1736126 | 894443 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 107570028 | 107570028 | 107570028 | 0 |
| ആകെ | 865449 | 109335148 | 110200597 | 109306154 | 894443 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4429/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സുകൾ പരിശോധിച്ചതിൽ അവയുടെ പ്രവർത്തനം ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.

6.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്ററേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 ഓഡിറ്റ് ഇംപാക്ട്

എ) CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായ 11130/- രൂപ 121040103306/18-11-21 നമ്പർ രസീത് പ്രകാരവും 1817/- രൂപ 121040103307/18-11-21 നമ്പർ രസീത് പ്രകാരവും ഒടുക്കിയിട്ടുണ്ട്.

ബി) മാത്തിപ്പറമ്പിൽ മഞ്ഞുമ്മൽ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ സോയിൽ ഗ്രാവൽ മിക്സ്ച്ചർ സ്റ്റാക്ക് ചെയ്തിരിക്കുന്നത് 85.932 $M^3$ ആണ്. ടി പ്രവൃത്തിയിൽ ഫില്ലിംഗിന് 82.74 $M^3$ ഉം മെറ്റലിംഗിന് 5.91 $M^3$ ഉം സോയിൽ ഗ്രാവൽ മിക്സ്ച്ചർ ഉപയോഗിച്ചതായി രേഖപ്പെടുത്തി 88.65 $M^3$ ന് @935 നിരക്കിൽ 82888/- രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റാക്ക് ചെയ്തിരിക്കുന്നത് 85.932 $M^3$ മാത്രമുള്ളപ്പോൾ 88.65 $M^3$ ന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/15.11.2021) അധികം നൽകിയ തുകയായ 2542/- രൂപ 121040103306/18-11-21 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

സി) തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ 2.50 ലക്ഷത്തിൽ അധികരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 2% തുക GST ഇനത്തിലും കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഷോണിമബീച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ നിന്നും കുറവു ചെയ്യാതിരുന്ന 6724/- രൂപ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/15-11-21) അനുസരിച്ച് 121040103306/18-11-21 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

## 1-11 മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി നിർവഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

I) പാലിയേറ്റീവ് കെയർ (പ്രോജക്ട് നം. - 119/2020-21)

അടങ്കൽ - 7 ലക്ഷം

ചെലവ് - 6,90,039

മെഡിക്കൽ ഓഫീസർ , സി.എച്ച്.സി നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിനായി ബിൽ നം.35/20-21, തീയതി- 05.02.21 പ്രകാരം ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 150000/-രൂപ KMSCL ന് നല്കിയിരുന്നു. ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

II) ജീവൻ രക്ഷാ മരുന്ന് ലഭ്യമാക്കൽ (പ്രോജക്ട് നം. - 185/ 2020-21)

അടങ്കൽ - 5 ലക്ഷം

ചെലവ് - 4,80,271

ബിൽ നം. 03/20-21, തീയതി- 19.06.20 (തുക- 223335/- രൂപ) പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി KMSCL ന് നല്കിയിരുന്നു. 1,85,001/- രൂപയുടെ മരുന്നുകൾ ലഭ്യമായി. 38,334/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

III) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ സി.എഫ്.എൽ.റ്റി.സി (പ്രോജക്ട് നം. - 258/2020-21)

അടങ്കൽ - 20 ലക്ഷം

ചെലവ് - 19,99,500/-

ബിൽ നം. 24/20-21, തീയതി- 24.11.20 (തുക- 3,45,064/-രൂപ) പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 3,45,064/-രൂപ KMSCL ന് നല്കിയിരുന്നു. 2,66,989/- രൂപയുടെ മരുന്നുകൾ ലഭ്യമായി. 78,075/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

IV)വാർഡ് തല സാനിറ്റേഷൻ സമിതി മുഖേന പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

(പ്രോജക്ട് നം. - /121 2020-21)

അടങ്കൽ - 4.6 ലക്ഷം

ചെലവ് - 4.6 ലക്ഷം

ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിൽ വാർഡ് തല സാനിറ്റേഷൻ സമിതി മുഖേന പകർച്ച വ്യാധി പ്രതിരോധ

പ്രവർത്തനങ്ങൾ നടത്തുന്നതിനായി തനത് ഫണ്ടിൽ നിന്നും 20,000/- രൂപ വീതം നല്കിയിട്ടുണ്ട്. വാർഡ് 12, 13, 15 എന്നീ വാർഡുകൾക്ക് നല്കിയ തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/17.11.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ 4 പ്രോജക്റ്റുകൾക്കായി ചെലവാക്കിയ തുകയിൽ രേഖകൾ ഹാജരാക്കാത്ത 3,26,409 /- രൂപ (150000 + 38334 +78075 +60000) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 വസ്തു നികുതി അപാകതകൾ

എ)ഫാറം 6, ഫയൽ എന്നിവയിലെ വിവരങ്ങൾ യോജിക്കുന്നില്ല

| കെട്ടിടയുടമയുടെ പേര്, മേൽ വിലാസം | കെട്ടിട നം. | അപാകത |
|---|---|---|
| മിഥുൻ.എസ്, മീര നിവാസ്, കലവൂർ പി.ഒ | V/531 A, B, C, D, E, F, G, H | പ്ലാൻ പ്രകാരം, 101.33 M2 വിസ്തീർണ്ണമുള്ള ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് കലവൂർ N.H -ൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള സ്ഥലത്താണ്. എന്നാൽ, ടി കെട്ടിടങ്ങൾക്ക് ബാധകമായ വഴി സൌകര്യത്തിനുള്ള 20% വർദ്ധനവ് നല്കിയിട്ടില്ല. |
| അമ്മിണി അച്ചപ്പൻ,<br>കുന്നേൽ ഹൌസ്,<br>കലവൂർ പി. ഒ | V/ 622A | പ്ലാൻ പ്രകാരം, 24 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടം സ്ഥിതി ചെയ്യുന്നത് നാഷണൽ ഹൈവേയിൽ നിന്നും പ്രവേശന മാർഗ്ഗം ഉള്ള സ്ഥലത്താണ്. എന്നാൽ, കടമുറിയ്ക്ക് 5m ൽ കൂടുതൽ വീതിയുള്ള വഴി സൌകര്യത്തിന് ബാധകമായ 20% വർദ്ധനവ് നല്കിയിട്ടില്ല. കൂടാതെ, ടിയാളുടെ ഉടമസ്ഥതയിലുള്ള ഇതേ കെട്ടിടത്തിലെ മറ്റ് കടമുറികൾക്ക് 5 / 622 B, C, D എന്നീ കടമുറികൾക്ക് ടി വർദ്ധനവ് നല്കിയിട്ടുണ്ട്. |
| തോമസ്, ഷീജ, വരേകാട്, കാട്ടൂർ | XIX/327 B,C,D | പ്ലാൻ പ്രകാരം ടി കടമുറികൾ (വിസ്തീർണ്ണം-34.8$m^2$) സ്ഥിതി ചെയ്യുന്നത് പ്രഥമ മേഖലയിലാണ്. എന്നാൽ, ടി കടമുറികൾക്ക് ദ്വിതീയ മേഖലയ്ക്ക് ബാധകമായ 10% നികുതി ഇളവ് നല്കിയിട്ടുണ്ട്. ടിയാളുടെ ഉടമസ്ഥതയിലുള്ള ഇതേ കെട്ടിടത്തിലെ മറ്റൊരു കടമുറിയായ 19/327 E സ്ഥിതി ചെയ്യുന്നത് പ്രഥമ മേഖല എന്ന് രേഖപ്പെടുത്തി ടി ഇളവ് നല്കിയിട്ടില്ല. |
| അജി സരസൻ, നിർമ്മാല്യം,<br>കലവൂർ പി. ഒ | V/461 A, C, D, E | ടി കെട്ടിടം 135.74 $M^2$ വിസ്തീർണ്ണമുണ്ട്. ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനു പയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടത്തിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 45/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിട ങ്ങളുടെ അടിസ്ഥാന വസ്തു നികുതി, ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ ഈടാക്കിയിട്ടില്ല. |
| ജോസഫ്.സി.റ്റി ചാരങ്കാട്ട്, പൊള്ളത്തൈ | 1/467H | ടി കെട്ടിടത്തിന് 102$m^2$ വിസ്തീർണ്ണമുണ്ട്. എന്നാൽ, ടി കടമുറി വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ എന്ന ഗണത്തിൽപെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത്. |
| മാനേജിംഗ് ഡയറക്ടർ,<br>കെ.എസ്.ഡി.പി | VII/ 610 | 1200 $M^2$ വിസ്തീർണ്ണമുള്ള വ്യവസായികാ വശ്യത്തിന് പ്രവർത്തിക്കുന്ന ടി കെട്ടിടം വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി-കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നിർണയിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| നാൻസി ജേക്കബ്, മന ഭവനം | IX / 46 A | പ്ലാൻ പ്രകാരം, ടി കെട്ടിടം സ്ഥിതി ചെയ്യുന്നത് പാതിരപ്പള്ളി - ബീച്ച് റോഡിൽ നിന്നും പ്രവേശന മാർഗം ഉള്ള സ്ഥലത്താണ്. എന്നാൽ, ടി കടമുറിയ്ക്ക് 5m ൽ കൂടുതൽ വീതിയുള്ള വഴി സൌകര്യത്തിന് ബാധകമായ 20% വർദ്ധനവ് നല്കിയിട്ടില്ല. |

ബി)വിവാഹ ചടങ്ങുകൾ നടത്തപ്പെടുന്ന ഹാളുകൾക്ക് അർഹമായ നികുതി നിർണ്ണയിച്ചിട്ടില്ല.

വിവാഹ രജിസ്ട്രേഷന് അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സെന്റ് ആന്റണീസ് ഹാൾ, ബീച്ച് റോഡ്, ഔവർ ലേഡി ഓഫ് അസംപ്ഷൻ ചർച്ച് ഹാൾ, പൂങ്കാവ്, സെന്റ്. സേവിയേഴ്സ് ചർച്ച് ചർച്ച് ഹാൾ, ഓമനപ്പുഴ, ഭരതൻ മെമ്മോറിയൽ ഹാൾ, കോർത്തു ശ്ശേരി, കാറ്റാടി വായനശാല ഹാൾ , വലിയ കലവൂർ എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി നികുതി ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതിനിർണ്ണയിച്ചതായി കാണുന്നില്ല.

സി)ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നികുതി ഒഴിവാക്കി

സ.ഉ.(എംഎസ്) നം. 358/15 പ്രകാരമുള്ള ഇളവ് ഒരു കുടുംബത്തിലെ കുടുംബനാഥ/കുടുംബനാഥന്റെ പേരിലുള്ള 60 ച.മീറ്ററിൽ താഴെയുള്ള ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം കെട്ടിടങ്ങളെ നികുതി, ഉപ നികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കി നല്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടയുടമയുടെ പേര്, മേൽവിലാസം | കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം ($M^2$) |
|---|---|---|
| പി.ശിവരാമൻ പിള്ള, വെളിയിൽ തയ്യിൽ | VI / 55 | 14 |
| “ | VI/ 54 | 10<br>ടി കെട്ടിടം ശ്രീമതി. രാധാദേവി എന്നയാൾക്ക് വാടകയ്ക്ക് നല്കിയതായി വസ്തു നികുതി നിർണയ രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| രാജപ്പൻ, തട്ടാൻ തറയിൽ | XXI/90 | 9 |
| “ | XXI/91 | 30 |
| മാത്യു, വലിയവീട്ടിൽ | XIII / 601 | 18 |
| “ | XIII / 602 | 28 |
| പുഷ്പ നമ്പുകളങ്ങര വെളി, കലവൂർ | XX/386A | 22 |
| “ | XX/383 | 28 |

താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ നികുതി, ഉപ നികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ഒഴിവാക്കിയതായി കാണുന്നു.

| കെട്ടിടയുടമയുടെ പേര്, മേൽവിലാസം | കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം ($M^2$) |
|---|---|---|
| പ്രസിഡന്റ്<br>എൻ. എസ്. എസ് കരയോഗം നം.4832 | III/115A | 44 |
| സെക്രട്ടറി, സി.പി.ഐ(എം) , ലോക്കൽ കമ്മറ്റി ,വളവനാട് | II/470 | 35 |
| അസി. എഞ്ചിനീയർ, 66 കെ. വി സബ്സ്റ്റേഷൻ | VIII/523 | 9 |
| മുനിസിപ്പൽ കമ്മീഷണർ, ആലപ്പുഴ | XVII/668 | 62 |

| | | |
|---|---|---|
| “ | XVII/669 | 42 |
| “ | XVII/670 | 32 |
| “ | XVII/671 | 48 |
| അസി. എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി | XIV/525 | 25 |
| പ്രസിഡന്റ് , ശ്രീ നാരായണ സംഘം | VIII/874 | 28 |
| പി. മുരളീധരൻ, കെ.ബിനോയ്, എ.റ്റി. സത്യപാലൻ<br>സ്വയംപ്രഭ സ്വാശ്രയ സംഘം | IV/82 | 12 |
| റെയിൽവേ ക്വാർട്ടേഴ്സ് | VI/61 | 36 |
| “ | VI /61 / . | 24 |
| “ | VI /63 | 30 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/ 16.11.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, ഫാറം 6 ൽ ആവശ്യമായ മാറ്റം വരുത്തി കുടിശിക സഹിതം തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 അനർഹരായവർക്ക് ധനസഹായം നൽകി

| | |
|---|---|
| പ്രോജക്ട് നം., പേര് | 6/20-21, മാരാരിധാര കുടിവെള്ള പദ്ധതി |
| അടങ്കൽ | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 11,60,000 |
| ചെലവ് | 825000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, വളവനാട് |

താഴെപ്പറയുന്ന ഗുണഭോക്താക്കൾ 2020-21 *ലെ* മാരാരിധാര കുടിവെള്ള പദ്ധതി തുടങ്ങുന്നതിനു മുൻപു തന്നെ കുടിവെള്ള കണക്ഷനുണ്ടായിരുന്നവരാണ്. കുടിവെള്ള കണക്ഷനില്ലാത്തവരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുക്കേണ്ടിയിരുന്നത്. ഇവർക്ക് കൺസ്യൂമർ നമ്പർ 2018 ൽ തന്നെ ഉണ്ടായിരുന്നു എന്നുള്ളത് അപേക്ഷയോടൊപ്പം വെച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ രസീതിൽ നിന്നും വ്യക്തമാകുന്നു. 2018-19 ലെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ നിന്നും ഇവർ ആ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്നത് വ്യക്തമാണ്. 2018-19 ലെ ഗുണഭോക്തൃ ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിരുന്നുവെങ്കിൽ ആ വർഷം ധനസഹായം ലഭിച്ചിട്ടില്ലായെന്ന കാരണത്താൽ പിന്നീടുള്ള വർഷം ഇവരുടെ അപേക്ഷകൾ പരിഗണിക്കാമായിരുന്നു. ആയതിനാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളെ 2020-21 ലെ ഗുണഭോക്തൃ ലിസ്റ്റിൽ പരിഗണിച്ചത് അനുചിതമാണ്. ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/15.11.2021)തന്റെ വിയോജിപ്പ് മറികടന്ന് പഞ്ചായത്ത് കമ്മിറ്റി 13.02.20 ലെ 8/1 തീരുമാനത്തിലൂടെ ധനസഹായം നൽകാൻ തീരുമാനിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുക്കുന്നത് എന്ന് പഞ്ചായത്ത് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

| ക്രമ നം. | പേര്, മേൽ വിലാസം | കെ.ഡബ്ല്യു.എ രസീത് / വാട്ടർ ചാർജ് ഒടുക്കിയ തീയതി | നൽകിയ ധനസഹായം /ബിൽ നമ്പർ |
|---|---|---|---|
| 1 | ലത, ചുള്ളിക്കൽ, വാർഡ് നം.12 | HA66729/13.07.2018 | 5000(06/20-21/ 27.05.20-1,60,000) |
| 2 | പരമേശ്വരൻ പിള്ള, ലക്ഷ്മി നിവാസ്, വാർഡ് നം.8 | CHD/3000/D/23.11.18 | 5000(11/20-21/ 24.08.20-3,20,000) |

| | | | |
|---|---|---|---|
| 3 | മധുസൂദനൻപിള്ള, അഭിരാമം, വാർഡ് നം.8 | CHD/2999/D/23.11.18 | 5000-(11/20-21/ 24.08.20-3,20,000) |
| 4 | ആകെ | | 15,000 രൂപ |

## 1-14 ലൈഫ് പദ്ധതി- മുൻകൂർ കൈപ്പറ്റിയിട്ടും വീട്ടു പണി പൂർത്തിയാക്കുന്നില്ല

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിലൂടെ ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പേര്, മേൽവിലാസം | കൈപ്പറ്റിയ തുക, കൈപ്പറ്റിയ തീയതി | റിമാർക്സ് |
|---|---|---|---|
| 1 | അനീഷ് പി.എ, പുതുവൽ, വാർഡ്-17 | 40,000-14.09.18<br>1,60,000- 09.04.18 | |
| 2 | ഷാജിമോൾ ആന്റണി, കുന്നകുഴി, വാർഡ്-18 | 40,000-30.03.18 | സ്ഥലം വിറ്റു. |
| 3 | രമണി മഹേശൻ, വേലംപറമ്പില് വാർഡ്-18 | 40,000 – 09.04019 | |

1.ഷാജിമോൾ ആന്റണി എന്ന ഗുണഭോക്താവിൽ നിന്ന് തുക തിരികെ ഈടാക്കുവാൻ (വി.ഇ.ഒ ചെട്ടികാട്) ശുപാർശ ചെയ്തിട്ടും ഭരണ സമിതി നടപടികൾ സ്വീകരിച്ചിട്ടില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മറ്റുള്ളവർ വീട്ടുപണി തീർക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇവരിൽ നിന്നും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

2.രാജമ്മ.വി.സി, വലിയവീട്ടുവെളി, വാർഡ് 2 എന്ന ഗുണഭോക്താവ് 17.07.2018 ൽ ലൈഫ് ഭവന പദ്ധതിയുടെ ആദ്യ ഗഡു 40,000 രൂപ വി.ഇ.ഒ സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം കൈപ്പറ്റിയിട്ടുള്ളതാണ്. പിന്നീട് കരാറിനു വിരുദ്ധമായി ഇവർ തന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിറ്റു. ഇവർക്ക് നൽകിയിട്ടുള്ള തുക തിരികെ ഈടാക്കുന്നതിന് വി.ഇ.ഒ (വളവനാട്) ശുപാർശ ചെയ്തിട്ടുള്ളതാണ്. തുക തിരികെ ഈടാക്കാൻ ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ജൈവ വളം വിതരണം ചെയ്തതിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല

കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ -വിതരണരേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | S09/21, ജൈവവള സബ്സിഡി |
| അടങ്കൽ | വികസന ഫണ്ട്- 499995 |

| | |
|---|---|
| ചെലവ് | 16/20-21/29.03.21- 165121<br>18/20-21/31.03.21- 246675<br>-----------------------------<br>411796 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കർഷകർക്ക് നൽകാനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 20000 കിലോഗ്രാം ജൈവവളം വാങ്ങി (ഇൻവോയ്സ് നം.AMB/240/20-21/ 22.02.21). എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 1080 കിലോഗ്രാം വളം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. ബാക്കി 18920 കിലോഗ്രാം ജൈവവളം വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/20-21 തീയതി 10.11.21 ന്റെ മറുപടിയായി വാർഡ് മെമ്പർമാർ വഴി ജൈവവളം വിതരണം ചെയതിട്ടുണ്ടെന്നും മറുപടിയോടൊപ്പം അതിന്റെ രേഖകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ഉള്ളടക്കം ചെയ്തിട്ടില്ല. വിതരണ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഇല്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജായി പ്രതിമാസം 1,89,032/- രൂപയാണ് പഞ്ചായത്ത് ഒടുക്കുന്നത്. വൈദ്യുതി ചാർജിന്റെ ഇനം തിരിച്ചുള്ള വിശദാംശം കെ.എസ്.ഇ.ബിയിൽ നിന്ന് ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. ഇപ്പോൾ LT-8A എന്ന അൺമീറ്റേഡ് താരിഫാണ് പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് ബാധകമാക്കിയിരിക്കുന്നത്. LT-8B എന്ന മീറ്റേഡ് താരിഫിലേക്ക് മാറിയാൽ വൈദ്യുതി ചാർജിൽ ഗണ്യമായ കുറവ് വരുന്നതിനാൽ മീറ്റേഡ് താരിഫിലേക്ക് മാറാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/18.11.21 – ന് മറുപടിയായി ഇതിനായി പ്രോജക്ട് വെക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പുരോഗതി അറിയിക്കേണ്ടതാണ്.

## 1-17 കേന്ദ്ര ഫണ്ട് ഉപയോഗപ്പെടുത്തുന്നില്ല

പഞ്ചായത്തിലെ 51 അംഗൻവാടികളിൽ 33 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 18 അംഗൻവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 2020-21 ലെ വാർഷിക ധനകാര്യ പത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം ഐ.സി.ഡി.എസ് അക്കൌണ്ടിൽ 27,20,651/- രൂപ ബാക്കിയുണ്ട്. 03.09.2010 ലെ സർക്കാർ ഉത്തരവ് 39033/DC2 /2010/ത.സ്വ.ഭ.വ പ്രകാരം പ്രകാരം സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിനോ സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനോ അനുപൂരക പോഷകാഹാര പദ്ധതിയിലെ ഉപയോഗിക്കപ്പെടാതെയവശേഷിക്കുന്ന കേന്ദ്ര ഫണ്ട് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ ഫണ്ട് ഇപ്രകാരം ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/18.11.21–ന് കേന്ദ്ര ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിലെ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-18 പൊതുടാപ്പുകളുടെ വെള്ളക്കരം -വാട്ടർഅതോറിട്ടിയുമായി സംയുക്തപരിശോധന നടത്തുന്നില്ല

വാട്ടർ അതോറിട്ടിയുടെ ബില്ലുകൾ പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 1270 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ടാപ്പുകൾക്ക് തൻവർഷം പ്രതിമാസം 555625/- രൂപ വീതം വാട്ടർ അതോറിട്ടിയിൽ വെള്ളക്കരം ഇനത്തിൽ ഒടുക്കുന്നുണ്ട്.

വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യത പരിശോധിച്ചതിന്റെ കണക്ക് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വാട്ടർഅതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കുടിവെള്ളം- സബ്സിഡി മാർഗ്ഗരേഖ (ഖ.6.6) യിലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുടാപ്പുകൾക്കു പകരം ഒരു പ്രദേശത്തെ മുഴവൻ വീടുകൾക്കും ലഭ്യമാകുന്ന രീതിയിൽ

വാട്ടർ അതോറിട്ടിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൌസ് കണക്ഷൻ നൽകുന്ന പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുകയോ എല്ലാ കുടുംബങ്ങൾക്കും ജൽജീവൻ പദ്ധതി പ്രകാരം കുടിവെള്ളകണക്ഷനുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. അതിനുശേഷം വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകണക്ഷനുകൾ ഒഴിവാക്കി പൊതുടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തേണ്ടതാണ്. അതുവഴി വാട്ടർ അതോറിട്ടിക്ക് വർഷം തോറും നല്കിവരുന്ന വെള്ളക്കരം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഉപയോഗശൂന്യമായ കുറ്റിമുല്ലചെടികൾക്ക് പകരം ചെടികൾ വിതരണം ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | S202/21, കുറ്റിമുല്ല കൃഷി |
| അടങ്കൽ | വികസന ഫണ്ട്- 1`,00,000 |
| ചെലവ് | 08/20-21/19.03.21- 37,500 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മാരാരിക്കുളം തെക്ക് പഞ്ചായത്ത് എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററിന്റെ (പൊള്ളത്തൈ) 23.02.2021 ലെ ഇൻവോയ്സ് നമ്പർ 28 പ്രകാരം കുറ്റിമുല്ല ചെടി ഒന്നിന് പത്ത് രൂപ പ്രകാരം 5000 ചെടികൾ വിതരണത്തിനായി വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം ഇതിൽ 4867 ചെടികൾ കർഷകർക്ക് വിതരണം ചെയ്തു. 133 ചെടികൾ വിതരണം ചെയ്യാതെ അവശേഷിക്കേണ്ടതാണ്. ആയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.4/09.11.21 ന മറുപടിയായി ഇവ വിതരണയോഗ്യമായിരുന്നില്ലായെന്നും 133 കുറ്റിമുല്ല ചെടികൾ പച്ചക്കറി ക്ലസ്റ്റർ വീണ്ടും സപ്ലൈ ചെയ്യാമെന്ന് സമ്മതിച്ചിട്ടുള്ളതായും കൃഷി ഓഫീസർ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഇവ ലഭ്യമാക്കി വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-20 പച്ചക്കറി വിത്തുകൾ വാങ്ങിയതിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./ പേര് | S32/21, ജെ.എൽ.ജി ഗ്രൂപ്പിന് വിത്തും വളവും |
| അടങ്കൽ | വികസന ഫണ്ട്- 3,00,000 |
| ചെലവ് | 09/20-21/19.03.21- 75,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മാരാരിക്കുളം തെക്ക് പഞ്ചായത്തിന്റെ എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്റർ പൊള്ളത്തൈയിൽ നിന്നും ഇൻവോയസ് നം.29/23.02.21 പ്രകാരം 100 കിറ്റുകൾ, കിറ്റൊന്നിന് 1000/- രൂപയ്ക്ക് വാങ്ങി വിവിധ വാർഡുകളിലെ 38 കാർഷിക ഗ്രൂപ്പുകൾക്ക് നൽകി. പ്രോജക്ടിലെ അപാകതകൾ താഴെപ്പറയുന്നു.

കിറ്റിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ട് എന്നത് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയിരം രൂപയ്ക്ക് ഒരു കിറ്റ് എന്ന നിരക്കിൽ നൂറു കിറ്റുകളുടെ വില ഒരു ലക്ഷം രൂപ എന്നത് മാത്രമാണ് ഇൻവോയ്സിലുള്ളത്. 75,000 രൂപയാണ് നൽകിയിട്ടുള്ളത്. കിറ്റിന്റെ ഉള്ളടക്കം സംബന്ധിച്ച് കൃഷി ഓഫീസറും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കിറ്റിന്റെ

മൂല്യം കൃഷി ഓഫീസർ നിർണ്ണയിച്ചിട്ടില്ല. ആവശ്യകത കണക്കിലെടുത്ത്, വിതരണം ചെയ്യാനുദ്ദേശിക്കുന്ന പച്ചക്കറി വിത്തുകളുടെ വില കണക്കാക്കി ഒരു കിറ്റിന്റെ വില നിർണ്ണയിച്ച് വേണമായിരുന്നു പച്ചക്കറി വിത്തുകൾ വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഓഡിറ്റ് എൻക്വയറി (നം.2/11.10.21) നൽകിയ ശേഷം അതിനു മറുപടിയായിട്ടാണ് പച്ചക്കറി വിത്തുകളുടെ വിവരണം പച്ചക്കറി ക്ലസ്റ്റർ നടത്തിപ്പുകാർ വ്യക്തമാക്കിയത്. ഭാവിയിൽ സ്റ്റോർ പർച്ചേസ് മാന്വലിലെ നിബന്ധനകൾ പാലിച്ച് മാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

വിതരണ രേഖകൾ പൂർണ്ണമല്ല. വിവിധ വാർഡുകളിലെ 38 ഗ്രൂപ്പുകൾക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എത്ര കിറ്റുകൾ വീതം നൽകിയെന്നത് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-21 ഗുണ നിലവാരം ഉറപ്പാക്കാതെ ന്യൂട്രിമിക്സ് വിതരണം ചെയ്തു

| പ്രോജക്ട് നം., പേര് | 66/20-21, അംഗൻ വാടി പോഷകാഹാരം |
|---|---|
| അടങ്കല് | വികസന ഫണ്ട്- 44,50,000<br>കേന്ദ്ര ഫണ്ട്- 15,00,000<br>തനത് ഫണ്ട്- 4,50,000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 1,00,000<br>------------------------------------------------------<br>ആകെ - 65,00,000 |
| ചെലവ് | 58,59,427 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

1. രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല/ ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്ന് 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. പിഞ്ചു കുട്ടികൾക്ക് ഗുണനിലവാരം ഉറപ്പാക്കാതെ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തത് ഗുരുതരമായ തെറ്റാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/18.11.21 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-22 ഇ-ടെണ്ടർ ഫീസ്

2019-20 സാമ്പത്തിക വർഷം മുതൽ ഇ- ടെണ്ടർ നടത്തിയ എല്ലാ പ്രവൃത്തികളുടേയും ടെണ്ടർ ഫീസ് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള പ്രത്യേകം കറന്റ് അക്കൗണ്ടിലേക്കാണ് ഒടുക്കിയിട്ടുള്ളത്. 2019-20, 2020-21 വർഷങ്ങളിൽ യഥാക്രമം 109768/- രൂപ, 82239 രൂപ ടി അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. ടി തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. 2018-19 കാലയളവിൽ ടെണ്ടർഫീ തുകയായ 96400/- രൂപ ആലപ്പുഴ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ളതും ടി തുക തനത് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതുമാണ്. ടി തുക ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഇലഞ്ഞിക്കൽ വെളിഅരേശ്ശേരിൽ റോഡ് | 2656 | വികസന ഫണ്ട് | 06/12-05-20 രൂപ 496356 |
| 2 | പൊള്ളേത്തൈ കോളനി - പൊള്ളേത്തൈ ചർച്ച് റോഡ് | 1770 | വികസന ഫണ്ട് | 14/09-07-20 രൂപ 490959/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് /മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട് /റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/15-11-21ന് തുടർന്നുള്ള വർഷങ്ങളിൽ ഗവൺമെന്റിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-24 ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് അധികച്ചെലവിനിടയാക്കുന്നു

ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 19-09-2016 ലെ 78/2016/fin നമ്പർ സർക്കുലർ പ്രകാരം RRM With Cm 1:6 ന് പകരം ഉയർന്ന ഗ്രേഡിലുള്ള സിമന്റ് മോർടാർ ഉപയോഗിച്ചുള്ള കല്ലുകെട്ട് സാമ്പത്തിക നഷ്ടത്തിനും പൊതുപണത്തിന്റെ ദുരുപയോഗമാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവൃത്തികളിൽ RRM With Cm 1:6 നു പകരം RRM In Cm 1:4 ചെയ്തത് അധികച്ചെലവിനിടയാക്കുന്നു.

ഉദാ : (1)തയ്യിൽ സവിത റോഡ് ടാറിംഗ് വാർഡ് -5

(2) ഭഗവതിപ്പറമ്പ് റോഡ് ടാറിംഗ്

MoRD സ്പെസിഫിക്കേഷനിൽ RR മേസനറിക്ക് 1:4, 1:3 എന്നിങ്ങനെ രണ്ട് ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും ചീഫ് എഞ്ചിനീയർ അംഗീകരിച്ച PRICE സോഫ്റ്റ്‌വെയറിൽ ലഭ്യമായിട്ടുള്ള റേറ്റ് കുറവുള്ള 1:4 സിമന്റ് മോർടാർ ആണ് RR മേസനറിക്ക് നൽകിയിരിക്കുന്നതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/15.11.21) മറുപടി നൽകിയിരിക്കുന്നത്. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ 19-09-2016 ലെ 78/2016/fin നമ്പർ സർക്കുലറിലെ നിർദ്ദേശം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

| | |
|---|---|
| പ്രോജക്ട് | SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ് |
| പ്രോജക്ട് നമ്പർ | 160/21 (സ്പിൽ ഓവർ), 57/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | HM, SCMV GUPS |
| ചെലവ് വിവരം | 4/06-03-21 രൂപ 60000/-<br>15/06-03-21 രൂപ 420000/ |

എ) 160/21 (സ്പിൽ ഓവർ) നമ്പർ പ്രേജക്ട് പ്രകാരം 2 ലാപ്ടോപ്പുകൾ വാങ്ങിച്ചിരിക്കുന്നത് കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) ൽ നിന്നാണ്. നിർവ്വഹണോദ്യോഗസ്ഥന്റെ 06-03-21 ലെ 4/21-ാം നമ്പർ ഉത്തരവ് പ്രകാരം KSIE Ltd ന് തുക നൽകുവാനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ 2 ലാപ്ടോപ്പുകളുടെ വിലയായ 60000/- രൂപ നൽകിയിരിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനാണ് (സാംഖ്യയിൽ നിന്നുള്ള ബിൽ പ്രകാരം).

ബി) തൻവർഷത്തെ 57/21 നമ്പർ പ്രേജക്ട് പ്രകാരവും 14 ലാപ്ടോപ്പുകൾ വാങ്ങിച്ചിരിക്കുന്നത് കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) ൽ നിന്നാണ്.

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7-52 (സ ഒ (പി) നമ്പർ 10/2019/എസ്.പി ഡി തീയതി 22-08-19), സർക്കുലർ നമ്പർ ഐ.ടി സെൽ 1/26/2019 /വി.സ.വ തീയതി 18-03-19 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേനേ വാങ്ങേണ്ടതാണെന്ന വ്യവസ്ഥയുള്ളപ്പോൾ KSIE Ltd ൽ നിന്നും വാങ്ങൽ നടത്തിയത് ശരിയായ നടപടിയല്ല. ഇത്തരം പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/17.11.21 ) മറുപടി നൽകിയില്ല.

## 1-26 സുഭിക്ഷ കേരളം - പടുത കുളത്തിൽ മത്സ്യ കൃഷി

| | |
|---|---|
| പ്രോജക്ട് | സുഭിക്ഷ കേരളം - പടുത കുളത്തിൽ മത്സ്യ കൃഷി |
| പ്രോജക്ട് നമ്പർ | S00206/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ചെലവ് വിവരം | 6/24-03-21 രൂപ 186848/-<br>8/26-03-21 രൂപ 11160/-<br>ഉത്തരവ് നം.535/25-03-21 രൂപ 37360/- |

80 ചതുരശ്ര മീറ്റർ (2 സെന്റ്) വിസ്തീർണമുള്ള കുളത്തിൽ പടുത വിരിച്ച് സംരക്ഷിത വല സ്ഥാപിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് ആകെ യൂണിറ്റ് ചെലവ് 123000/- രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ. ഉ (സാധാ) നം-1009/2020/തസ്വഭവ തീയതി 29-05-2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. ഗുണഭോക്താവ് സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയ മുറയ്ക്ക് 40% സബ്സിഡി തുകയും ഗ്രാമപഞ്ചായത്തിൽ നിന്നുമാണ് നൽകിയിരിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതിയാകും. സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/17.11.21 ) മറുപടി നൽകിയില്ല.

## 1-27 സുഭിക്ഷ കേരളം -ബയോഫ്ളോക്ക് മത്സ്യ കൃഷി

| | |
|---|---|
| പ്രോജക്ട് | സുഭിക്ഷ കേരളം -ബയോഫ്ളോക്ക് മത്സ്യ കൃഷി |
| പ്രോജക്ട് നമ്പർ | S00247/21 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ചെലവ് വിവരം | 3/24-03-21 രൂപ 788659/-<br>4/24-03-21 രൂപ 36800/-<br>7/25-03-21 രൂപ 24520/- |

5 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂട്ടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 GSM കനമുള്ള പി.വി.സി ആവരണം ചെയ്ത HDPE ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 Cm വലിപ്പമുള്ള 1250 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് ആകെ യൂണിറ്റ് ചെലവ് 138000/- രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ.ഉ (സാധാ) നം-1009/2020/തസ്വഭവ തീയതി 29-05-2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. ഗുണഭോക്താവ് സ്വന്തം നിലയിൽ പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയ മുറയ്ക്ക് 40% സബ്സിഡി തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതിയാകും. സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്

പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/17.11.21 ) മറുപടി നൽകിയില്ല.

## 1-28 സുഭിക്ഷകേരളം- മുട്ടക്കോഴി വിതരണം--രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 257/21. |
| അടങ്കൽ. | 510000.(വികസനഫണ്ട് ജനറൽ) |
| ആകെ ചെലവ് | 447000 |
| ബിൽ നം./തീയതി | തുക |
| 2/20-21/21.4.20 | 84000 |
| 4/20-21/3.11.20 | 224400 |
| 5/20-21/3.11.20 | 85800 |
| 8/20-21/27.1.21 | 52800 |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

2020-21 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ സുഭിക്ഷകേരളം- മുട്ടക്കോഴി വിതരണം പദ്ധതി (പ്രോജക്ട് നം. 257/21.) സംബന്ധിച്ച് കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

പദ്ധതി ഫയലിൽ ബന്ധപ്പെട്ട പ്രോജക്ട് രൂപീകരണ ഫോറം സൂക്ഷിച്ചിട്ടില്ല.

ബിൽ നം. 2/20-21/21.4.20 പ്രകാരം പിൻവലിച്ച 84000/- രൂപ ഉപയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ഇൻവോയിസ്/ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

84000/- രൂപ കൈപ്പറ്റിയതായി ശ്രീമതി സാലമ്മ ജോസഫിന്റെ, സീൽ, ഇൻവോയിസ് നമ്പർ /തീയതി എന്നിവ രേഖപ്പെടുത്താത്ത കൈപ്പറ്റുരസീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

ബിൽ നം. 8/20-21/27.1.21 പ്രകാരം പിൻവലിച്ച 52800/-രൂപ ഉപയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ഇൻവോയിസ്/ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 52800/-രൂപ കൈപ്പറ്റിയതായി മനോജ്, എം&എം ഫാം ന്റെ സീൽ, തീയതി എന്നിവ രേഖപ്പെടുത്താത്ത കൈപ്പറ്റുരസീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിനായി വാങ്ങിയ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പൗൾട്രി സ്റ്റോക്ക് വിതരണ രജിസ്റ്റർ പ്രകാരം എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്നോ എത്ര കോഴിക്കുഞ്ഞുങ്ങളെ വീതം നൽകിയെന്നോ വ്യക്തമല്ല. ഗുണഭോക്താക്കളുടെ ക്രമനമ്പർ പൂർണ്ണമായി രേഖപ്പെടുത്താതെയും വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം രേഖപ്പെടുത്താതെയുമാണ് പൗൾട്രി സ്റ്റോക്ക് വിതരണ രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്.

ബിൽ നമ്പർ 4/20-21/3.11.20, 5/20-21/3.11.20 എന്നിവ പ്രകാരം യഥാക്രമം പിൻവലിച്ച 224400/- രൂപ, 85800/-രൂപ എന്നീ തുകകൾ ഉപയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ എം&എം ഫാം, ജോസഫ് എഗ്ഗർ നേഴ്സറി എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിന്റെ ഇൻവോയിസുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്നോ എത്ര കോഴിക്കുഞ്ഞുങ്ങളെ വീതം നൽകിയെന്നോ പൗൾട്രി സ്റ്റോക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ ക്രമനമ്പർ പൂർണ്ണമായി രേഖപ്പെടുത്താതെയും വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം രേഖപ്പെടുത്താതെയുമാണ് പൗൾട്രി സ്റ്റോക്ക് വിതരണ രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. മേൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/17.11.21 ന് മറുപടി ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച്, വ്യക്തമായ രേഖകൾ സഹിതം മറുപടി ഹാജരാക്കുന്നതുവരെ ടിപ്രോജക്ട് നിർവ്വഹണത്തിനായി ചെലവഴിച്ചിട്ടുള്ള 447000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ് നം. - 116/2020-21)

അടങ്കൽ - 3 ലക്ഷം

ചെലവ് - 3 ലക്ഷം

മെഡിക്കൽ ഓഫീസർ , ഹോമിയോ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി ബിൽ നം. 03/20-21, തീയതി - 28.01.21 *പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 3 ലക്ഷം രൂപ HOMCO* യ്ക്ക് നല്കിയിരുന്നു. എന്നാൽ മരുന്ന് ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/17.11.2021) മരുന്ന് ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ- പ്രവൃത്തി പൂർത്തീകരിച്ച രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ. | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ._(S00147/21) |
| അടങ്കൽ | 1824910 (സി.എഫ്.സി)<br>1824910 (ജില്ലാ പഞ്ചായത്ത്) |
| ആകെ | 3649820 |
| ചെലവ് (ബിൽ നം./തീയതി) | 3649820 |
| 3/20-21/12.05.20 | 1824910 (സി.എഫ്.സി) |
| 4/20-21/12.05.20 | 1824910 (ജില്ലാ പഞ്ചായത്ത്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവുവിളക്കു ലൈനുകൾ ദീർഘിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുവിഹിതമിനത്തിലും ജില്ലാ പഞ്ചായത്തുവിഹിതമിനത്തിലും 1824910/- രൂപ വീതം കെ.എസ്.ഇ.ബി.യുടെ 57026414342 നം. അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ടി പ്രവൃത്തി നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി. യിൽ നിന്നും ലഭ്യമാക്കിയ ആപ്ലിക്കേഷൻ ഫീ നമ്പർ, പ്രവൃത്തിയുടെ എനർജൈസേഷൻ സർട്ടിഫിക്കറ്റ്, പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/15.11.21) മറുപടി ഹാജരാക്കിയിട്ടില്ല. പ്രവൃത്തി ഫലപ്രദമായി പൂർത്തീകരിച്ച് മുകളിൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 വിതരണ രേഖകളിലെ അപാകതകൾ

എൺപത്തി രണ്ടാം നമ്പർ അംഗൻവാടിയിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ച ഭക്ഷണ സാധനങ്ങളുടെയും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ വിതരണ രേഖകൾ പ്രകാരം വിതരണം ചെയ്ത ഭക്ഷണ സാധനങ്ങളുടെയും അളവിൽ താഴെപ്പറയുന്ന വ്യത്യാസം കാണുന്നു.

| ക്രമ നം. | ഇനം | മാസം | വിതരണം ചെയ്തതിന്റെ അളവ് | | വ്യത്യാസം |
|---|---|---|---|---|---|
| | | | ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ രേഖകൾ പ്രകാരം | അംഗൻ വാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭിച്ചത് | |
| 1 | ന്യൂട്രിമിക്സ് | 2020 ജൂൺ | 15 കി.ഗ്രാം | ലഭിച്ചിട്ടില്ല | 15 കി.ഗ്രാം |
| 2 | കപ്പലണ്ടി | 2020 ജൂലൈ | 15 കി.ഗ്രാം | ലഭിച്ചിട്ടില്ല | 15 കി.ഗ്രാം |

| | | | | | |
|---|---|---|---|---|---|
| 3 | ശർക്കര | 2020 ഒക്ടോബർ | 25 കി.ഗ്രാം | 10 കി.ഗ്രാം | 15 കി.ഗ്രാം |

അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധിക്കേണ്ടതും വിതരണത്തിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 സ്രോതസിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | പൊള്ളേത്തൈ മഞ്ഞിപ്പുഴ ലിങ്ക് റോഡ് | ജിതേന്ദ് | 177860 | 1779 | 25-05-20 രൂപ 177860/- |
| 2 | BSNL - റെയിൽവേ സ്റ്റേഷൻ റോഡ് | ജിതേന്ദ് | 313991 | 3140 | 25-05-20 രൂപ 313991/- |
| 3 | മുല്ലശ്ശേരി റോഡ് | ജിതേന്ദ് | 344662 | 3447 | 25-05-20 രൂപ 348662/- |
| 4 | ബെർണാഡ് കണ്ടംപറമ്പ് റോഡ് | ജിതേന്ദ് | 319726 | 3197 | 25-05-20 രൂപ 319726/- |
| 5 | മഠത്തിപ്പറമ്പിൽ മഞ്ഞുമ്മൽ റോഡ് | ജിതേന്ദ് | 186298 | 1863 | 24-07-20 രൂപ 186298/- |
| 6 | ആറാട്ടുകുളങ്ങര റോഡ് നിർമ്മാണം | ജിതേന്ദ് | 186297 | 1863 | 24-07-20 രൂപ 186297/- |
| 7 | രശ്മി കോളനി റോഡ് കോൺക്രീറ്റിംഗ് | ജിതേന്ദ് | 205554 | 2056 | 25-05-20 രൂപ 210595/- |
| 8 | റെയിൽവേ സ്റ്റേഷൻ ചേലക്കാപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | മിനി ശശിധരക്കുറുപ്പ് | 113866 | 1139 | 25-05-20 രൂപ 113866/- |
| 9 | തയ്യിൽ കോൺക്രീറ്റ് നടപ്പാത നിർമ്മാണം | മിനി ശശിധരക്കുറുപ്പ് | 85195 | 852 | 24-07-20 രൂപ 85195/- |
| 10 | കുറുക്കൻചിറ കോളനി നടപ്പാത നിർമ്മാണം | മിനി ശശിധരക്കുറുപ്പ് | 250946 | 2509 | 25-05-20 രൂപ 250946/- |
| 11 | പ്രീതി കുളങ്ങര കോളനി ഫുട്പാത്ത് കോൺക്രീറ്റിംഗ് | മിനി ശശിധരക്കുറുപ്പ് | 137842 | 1378 | 02-02-21 രൂപ 137842/- |

| | | | | | |
|---|---|---|---|---|---|
| 12 | മത്സ്യത്തൊഴിലാളി കോളനി മെറ്റലിംഗ് റോഡ് | മിനി ശശിധരക്കുറുപ്പ് | 79454 | 795 | 02-02-21 രൂപ 153158/- |
| 13 | ചൈതന്യ ജോസഫ്സ് റോഡ് ഒന്നാം ഘട്ടം | അനസ് നൈന | 187583 | 1876 | 25-05-20 രൂപ 187583/- |
| 14 | ഇന്ദിര പ്രിയദർശിനി കോളനി കൊട്ടുങ്ങേവെളി റോഡ് | ജോർജ്ജ് കുട്ടി | 157247 | 1572 | 25-05-20 രൂപ 157247- |
| 15 | ഫിഷ് ഡ്രയിംഗ് യാഡ് | ജോർജ്ജ് കുട്ടി | 153158 | 1532 | 25-05-20 രൂപ 153158/- |
| 16 | സ. ബെന്നി നടപ്പാത നിർമ്മാണം മെറ്റലിംഗ് | ജോർജ്ജ് കുട്ടി | 157067 | 1571 | 25-05-20 രൂപ 157067/- |
| 17 | ഷോണിമ ബീച്ച് റോഡ് കോൺക്രീറ്റിംഗ് | ജോർജ്ജ് കുട്ടി | 336185 | 3362 | 25-05-20 രൂപ 343127/- |
| 18 | ജനനി കളിസ്ഥലം നിർമ്മാണം | ഷൈജ്ജ | 190606 | 1906 | 21-01-21,23-01-21 രൂപ 190606/- |
| | ആകെ | | | 35837 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/15.11.21 ) മറുപടി നൽകിയില്ല. കരാറുകാരിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

## 1-33 തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയായി. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒരു ചതുരശ്രമീറ്റർ മെറ്റലിംഗ് നടത്തുന്നതിന് 63mm To 45mm സ്റ്റോൺ അഗ്രിഗേറ്റ് 0.1 $M^3$ ഉം 11.2 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.02 $M^3$ ഉം ആവശ്യമാണ്. തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് ഗുണമേന്മയെ ബാധിക്കാനിടയായി.

1

| | |
|---|---|
| പ്രവൃത്തി | പൊള്ളേത്തൈ മഞ്ഞിപ്പുഴ ലിങ്ക് റോഡ് |
| അളവു പുസ്തകം | 303 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 25-05-2020 രൂപ 177860/- |
| മെറ്റലിംഗ് നടത്തിയ അളവ് | 494.10 $M^2$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 63mm To 45mm ---- 49.41 $M^3$<br>11.2 Mm --------------9.882$m^3$<br>ആകെ------------------59.292$m^3$ |

| | |
|---|---|
| ഉപയോഗിച്ച അളവ് | 63mm To 45mm ---- $38.295m^3$<br>11.2 Mm -------------- $1.82m^3$<br>ആകെ----------------$40.115m^3$ |
| കുറവ് | $19.177m^3$ |

മേൽ പ്രവൃത്തിയിൽ മെറ്റിലിംഗിന് 59.292 $M^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് $40.115m^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. $19.177m^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

2

| | |
|---|---|
| പ്രവൃത്തി | സ.ബെന്നി നടപ്പാത നിർമ്മാണം മെറ്റലിംഗ് |
| അളവു പുസ്തകം | 563/19-20 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 25-05-2020 രൂപ 157067/- |
| മെറ്റലിംഗ് നടത്തിയ അളവ് | 397.10 $M^2$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 63mm To 45mm ---- 39.71 $M^3$<br>11.2 Mm --------------$7.942m^3$<br>ആകെ----------------$47.652m^3$ |
| ഉപയോഗിച്ച അളവ് | 63mm To 45mm ---- $39.71m^3$<br>11.2 Mm -------------- ഇല്ല<br>ആകെ----------------$39.71m^3$ |
| കുറവ് | $7.942m^3$ |

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്ത ടി പ്രവൃത്തിയിൽ 11.2 Mm സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമാണ്. എന്നാൽ ഈ ഇനം ഉപയോഗിക്കാതെയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. ഇത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

3

| | |
|---|---|
| പ്രവൃത്തി | മഠത്തിപ്പറമ്പിൽ മഞ്ഞുമ്മൽ റോഡ് നിർമ്മാണം |
| അളവു പുസ്തകം | 433 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 24-07-2020 രൂപ 186298/- |
| മെറ്റലിംഗ് നടത്തിയ അളവ് | 591 $M^2$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 63mm To 45mm ---- 59.1 $M^3$<br>11.2 Mm --------------$11.82m^3$<br>ആകെ----------------$70.92m^3$ |
| ഉപയോഗിച്ച അളവ് | 63mm To 45mm ---- $59.1m^3$<br>11.2 Mm -------------- $1.182m^3$<br>ആകെ----------------$60.282m^3$ |
| കുറവ് | $10.638m^3$ |

മേൽ പ്രവൃത്തിയിൽ മെറ്റിലിംഗിന് 70.92 $M^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് $60.282m^3$ മാത്രമാണ്

ഉപയോഗിച്ചിട്ടുള്ളത്. 10.638m$^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/15.11.21) തുടർന്നുള്ള പ്രവൃത്തികളിൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-34 തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയായി. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒരു ഘനമീറ്റർ 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 40mm സ്റ്റോൺ അഗ്രിഗേറ്റ് 0.65 M$^3$ ഉം 20 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.24 ഉം ആവശ്യമാണ്. അതുപോലെ ഒരു ഘനമീറ്റർ 1:2:4 സിമൻറ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 20mm സ്റ്റോൺ അഗ്രിഗേറ്റ് 0.67 M$^3$ ഉം 10 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.22 ഉം ആവശ്യമാണ്. തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് ഗുണമേന്മയെ ബാധിക്കാനിടയായി.

1

| | |
|---|---|
| പ്രവൃത്തി | ഷോണിമ ബീച്ച് റോഡ് കോൺക്രീറ്റിംഗ് |
| അളവു പുസ്തകം | 306 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 25-05-2020 രൂപ 343127/- |
| 1:4:8 സിമന്റ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 38.65m$^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 40mm -------- ---- 25.15 M$^3$<br>20 Mm --------------9.29m$^3$ |
| 1:2:4 സിമന്റ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 19.27 M$^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 20mm ---------------- 12.91m$^3$<br>10 Mm --------------4.24m$^3$ |
| ആകെആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് (40mm, 20mm & 10mm) | 51.59 M$^3$ |
| ഉപയോഗിച്ച അളവ് | 40mm ------ 25.15 M$^3$<br>20mm------ 12.91 M$^3$<br>10mm------- ഇല്ല<br>ആകെ ---38.06 M$^3$ |

| | |
|---|---|
| കുറവ് | 13.53$m^3$ (51.59 - 38.06) |

മേൽ പ്രവൃത്തിയിൽ കോൺക്രീറ്റിംഗിന് 51.59 $M^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് 38.06 $M^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. 13.53$m^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

2.

| | |
|---|---|
| പ്രവൃത്തി | രശ്മി കോളനി റോഡ് കോൺക്രീറ്റിംഗ് |
| അളവു പുസ്തകം | 289 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 25-05-2020 രൂപ 210595/- |
| 1:4:8 സിമന്റ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 25.134$m^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 40mm -------- ---- 16.34 M3<br>20 Mm --------------6.03m3 |
| 1:2:4 സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 12.567 $M^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 20mm ---------------- 8.42$m^3$<br>10 Mm --------------2.76$m^3$ |
| ആകെ ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് (40mm, 20mm &10mm) | 33.55 $M^3$ |
| ഉപയോഗിച്ച അളവ് | 40mm ------ 16.96 $M^3$<br>20mm------ 8.75 $M^3$<br>10mm------- ഇല്ല<br>ആകെ ---25.71 $M^3$ |
| കുറവ് | 7.84$m^3$ (33.55 - 25.71) |

മേൽ പ്രവൃത്തിയിൽ കോൺക്രീറ്റിംഗിന് 33.55 സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് 25.71 $M^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.7.84m3 സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

3

| | |
|---|---|
| പ്രവൃത്തി | ജനനി കളിസ്ഥലം നിർമ്മാണം |
| അളവു പുസ്തകം | 485 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |

| | |
|---|---|
| | 21-01-21, 23-01-21 രൂപ 190606/- |
| 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | $22.55m^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 40mm -------- ---- 14.66 $M^3$<br>20 Mm --------------$5.41m^3$ |
| 1:2:4 സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 11.28 $M^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 20mm ---------------- $7.56m^3$<br>10 Mm --------------$2.48m^3$ |
| ആകെ ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് (40mm, 20mm & 10mm) | $30.11m^3$ |
| ഉപയോഗിച്ച അളവ് | 40mm ------ 14.65 $M^3$<br>20mm------ $7.65m^3$<br>10mm------- ഇല്ല<br>ആകെ ---22.30 $M^3$ |
| കുറവ് | $7.81m^3$ (30.11-22.30) |

മേൽ പ്രവൃത്തിയിൽ കോൺക്രീറ്റിംഗിന് $30.11m^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് 22.30 $M^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. $7.81m^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

4

| | |
|---|---|
| പ്രവൃത്തി | കുറുക്കൻചിറ കോളനി നടപ്പാത നിർമ്മാണം |
| അളവു പുസ്തകം | 464/18-19 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 25-05-2020 രൂപ 250946/-- |
| 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | $31.04m^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 40mm -------- ---- 20.18 $M^3$<br>20 Mm --------------$7.45m^3$ |
| 1:2:4 സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 15.52 $M^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 20mm ---------------- $10.40m^3$<br>10 Mm --------------$3.41m^3$ |
| ആകെ ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് (40mm, 20mm &10mm) | 41.44 $M^3$ |

| | |
|---|---|
| ഉപയോഗിച്ച അളവ് | 40mm ------ 20.40 $M^3$<br>20mm------ 12 $M^3$<br>10mm------- ഇല്ല<br>ആകെ ---32.40 $M^3$ |
| കുറവ് | $9.04m^3$ (41.44 - 32.40) |

മേൽ പ്രവൃത്തിയിൽ കോൺക്രീറ്റിംഗിന് 41.44 $M^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് 32.40 $M^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. $9.04m^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/15.11.21) തുടർന്നുള്ള പ്രവൃത്തികളിൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-35 പഞ്ചായത്ത് തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ വിവരങ്ങൾ

കോവിഡ് പ്രതിരോധത്തിനായി പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയ കോവിഡ് 19 ജാഗ്രതാ പോർട്ടലിൽ 238 പേർ രജിസ്റ്റർ ചെയ്തിരുന്നു. 238 പേർക്കും പരിശീലനം നൽകി വോളന്റിയേഴ്സായി നിയമിച്ചു.

ഗ്രാമപഞ്ചായത്ത് കാര്യാലയം കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. ബഡ്സ് സ്കൂൾ ജീവനക്കാർ, ബാലകൈരളി ജീവനക്കാർ, മറ്റ് ഓഫീസുകളിൽ നിന്നും ടി പ്രവർത്തനങ്ങൾക്കായി ജോയിൻ ചെയ്ത ജീവനക്കാർ എന്നിവരുടേയും ജനപ്രതിനിധികളുടേയും സേവനങ്ങൾ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കി.

വിദേശത്ത് നിന്നും മറ്റ് സംസ്ഥാനത്ത് നിന്നും തിരികെ എത്തിയവരുടെ ഹോം ഐസസൊലേഷൻ ഉറപ്പുവരുത്തുകയും ഐസൊലേഷനിൽ കഴിയുന്നവരിൽ രോഗലക്ഷണം കാണിക്കുന്നവരുടെ വിവരങ്ങൾ യഥാസമയം ആരോഗ്യവകുപ്പ് ജീവനക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വാളന്റിയറും ഭവനസന്ദർശനങ്ങൾ നടത്തി മാസ്ക്, സാനിറ്റൈസർ മുതലായവ വിതരണം നടത്തി. കിടപ്പുരോഗികൾ, മറ്റു രോഗമുള്ളവർ, പ്രമേഹം ഉൾപ്പടെയുള്ള ജീവിതശൈലീരോഗമുള്ളവർ, വയോജനങ്ങൾ തുടങ്ങി പ്രത്യേക പരിഗണന ലഭിക്കേണ്ട ജനവിഭാഗങ്ങളെ കണ്ടെത്തി ആവശ്യമായ മരുന്നും ബോധവൽക്കരണവും കൗൺസിലിംഗും നൽകിയിട്ടുണ്ട്. ടെലി മെഡിസിൻ സംവിധാനത്തിൽ ബന്ധപ്പെടാവുന്ന ഡോക്ടർമാരുടെ വിവരങ്ങൾ വീടുകളിൽ നൽകുകയും മരുന്ന ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

വാർഡുതലസാനിട്ടേഷൻ, വാർഡുതലബോധവൽക്കരണം, പാലിയേറ്റീവ് കെയർ മുഖേന വയോജനങ്ങൾക്ക് കൃത്യമായ പരിചരണം നൽകൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

രണ്ടു സി.എഫ്.എൽ.ടി.സികൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നു. ജില്ലാ ദുരന്തനിവാരണ അതോറിട്ടിയിൽ നിന്നും 2000000/- ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ആയത് സി.എഫ്.എൽ.ടി.സി പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്.

തനതുഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ മുഖാന്തിരമാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. ജനകീയഭക്ഷണശാല വഴി രോഗികൾക്കും ക്വാറന്റൈനിൽ കഴിഞ്ഞവർക്കും ഭക്ഷണം എത്തിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ തൃപ്തികരമായി നടന്നിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ വാക്സിനേഷൻ ലഭിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രായം | ജനസംഖ്യ | ഒന്നാം ഡോസ് | രണ്ടാം ഡോസ് | വാക്സിനേഷൻ |
|---|---|---|---|---|

| | | ലഭിച്ചവർ | ലഭിച്ചവർ | ലഭിക്കാത്തവരുടെ എണ്ണം |
|---|---|---|---|---|
| 18-44 | 18177 | 11697 | 6064 | 416 |
| 45-59 | 12927 | 6492 | 6213 | 222 |
| 60ന മുകളിൽ | 10928 | 3247 | 7366 | 315 |
| ആകെ | 42032 | 21436 | 19643 | 953. |

അവലംബം--ഓഡിറ്റ് എൻക്വയറി.18/15.11.21 ന ലഭ്യമാക്കിയ മറുപടി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം 2020-21

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 500000 | സ്കോളർഷിപ്പ് | 500000 | |
| | | 1824910 | സ്ട്രീറ്റ് ലൈൻ | 1824910 | |
| | | 900000 | പകൽവീട് | 900000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 500000 | സ്കോളർഷിപ്പ് | 500000 | |
| | | 425000 | ലൈഫ് ഭവന പദ്ധതി | 425000 | |
| | | 500000 | പാലിന് സബ്സിഡി | 500000 | |

| | | | |
|---|---|---|---|
| 74176 | പാലിന് സബ്സിഡ | 74176 | |
| 1200000 | ലൈഫ് ഭവന പദ്ധതി | 1200000 | |
| 500000 | റോഡ് ടാറിംഗ് | 500000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് മെയിന്റനൻസ് | 22001490 | 1824910 | 0 | 1824910 |
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് മെയിന്റനൻസ് | 22001489 | 1824910 | 0 | 1824910 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 2700000 | 69814886 | 5413333 | 0 | 67101553 |
| ഇ.എം.എസ് ഭവനം | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല | 155332 | 0 | 0 | 155332 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6136234 |
| തൻവർഷം നിക്ഷേപിച്ച തുക | 314254 |
| ആകെ | 6450488 |

| | |
|---|---|
| | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6450488 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 6450488 | 204823 (രസീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല) |

## 4-6 ഓഡിറ്റ് റിക്കവറി 20-21

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2017-18 | 2(6) | 5670 | റെജിമോൻ, വെളുത്തേഴത്ത് | 120040106744/29.03.2021 | ലഭ്യമാക്കിയില്ല |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| -- | -- | 2014-15 | 4.1.9 | ഉപയോഗമില്ലാതെ കിടക്കുന്ന മൽസ്യ മാർക്കറ്റുകളും, ചന്തകളും | ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റു പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143770360 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 151431054 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1073409 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 447000 | ഡോ. രചന, വെറ്ററിനറി സർജ്ജൻ |
| 1-29 | 300000 | ഡോ.വിദ്യാ എം. പൈ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-11 | 326409 | ഡോ. അർച്ചന, മെഡിക്കൽ ഓഫീസർ, CHC |
| | 1073409 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-33 | 35837 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. രചന, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | ശിവരാമസദനം മാരാരിക്കുളംവടക്ക് പി.ഒ, ആലപ്പുഴ |
| ഡോ. അർച്ചന, മെഡിക്കൽ ഓഫീസർ, CHC | മെഡിക്കൽ ഓഫീസർ, CHC, മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | വാളംപറമ്പിൽ തത്തംപള്ളി പി.ഒ, ആലപ്പുഴ |
| ഡോ.വിദ്യാ എം. പൈ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് | കുന്തേലാത്ത്, എസ്.എൽ.പുരം പി.ഒ, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്. ജി.എ 5- 1832/11/21.01.12 ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1998-99 (ചെലവ്) | |
| 2002-03 (ചെലവ്)<br>2003-04 (ചെലവ്) | |

| | |
|---|---|
| 2004-05 (ചെലവ്) | |
| 2005-06 (വരവ്) | |
| 2006-07 | എൽ.എഫ്.എ-പി 9/257/10.08.10 |
| 2007-08 | എൽ.എഫ്.എ- പി 4/73 (എ)/11/26.05.11/13.07.11 |
| 2008-09 | എൽ.എഫ്.എ- പി 4/1002/11/ 03.03.12/06.07.12 |
| 2009-10 | എൽ.എഫ്.എ- പി 4/1003/11/ 03.03.12/06.07.12 |
| 2010-11 | എൽ.എഫ്.എ- പി 4/1070/12/14.11.12 |
| 2011-12, 12-13 | എൽ.എഫ്.എ- പി 8/164/14/23.04.14 |
| 2013-14 | കെ.എസ്.എ എ.പി.ഇസഡ് പി8/1019/15/11.08.15/31.08.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.8-834/16/30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി8-1515/16/31.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി8/962/2017/25.07.2017 |
| 2017-18 | കെ.എസ്.എ- എ.എൽ.പി/പി14/51/19/10.01.2019 |
| 2018-19 | കെ.എസ്.എ- എ.എൽ.പി/പി11/1155/2019/21.05.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്